**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6750** **11-11-2021 - ൽ മറുപടിയ്ക്ക്**

**സമഗ്ര കന്നുകാലി ഇൻഷ്വറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ്** | | **Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി ഓൺലൈനായി നടത്തുന്നത് കർഷകർക്ക് അപ്രാപ്യമാണെന്നുള്ളത് പരിശോധിക്കുമോ; വിശദീകരിക്കാമോ; | (എ) | സംസ്ഥാനത്ത് നടപ്പിലാക്കുന്ന സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയാണ് 'ഗോസമൃദ്ധി-എൻ.എൽ.എം' ഇൻഷ്വറൻസ് പദ്ധതി. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഫണ്ട് വിനിയോഗിച്ചു ഇൻഷ്വറൻസ് പ്രീമിയം നിരക്കിൽ സബ്സിഡി നൽകി പദ്ധതി നടപ്പിലാക്കിവരുന്നു. ഓൺലൈനായി നടപ്പിലാക്കുന്ന പദ്ധതിയിൽ ഗുണഭോക്താവാകുന്നതിന് കർഷകർക്ക് അവരുടെ സമീപത്തുള്ള മൃഗാശുപത്രിയെ സമീപിച്ചാൽ മതിയാകുന്നതാണ്. ഉരുവിന്റെ ഫോട്ടോ,ഉരുവിനെ തിരിച്ചറിയുന്നതിനുള്ള കമ്മൽ (ear tag), ഉരുവിന്റെ നിറം, ആരോഗ്യനില എന്നിവ കൃത്യമായി രേഖപ്പെടുത്തിയാണ് ഇൻഷ്വറൻസ് പോളിസിക്കായി ഇൻഷ്വറൻസ് കമ്പനിക്ക് അപേക്ഷ സമർപ്പിക്കേണ്ടത്. ആയതിനാൽ ഇൻഷ്വറൻസിനായി ഒരു കർഷകൻ ആവശ്യപ്പെട്ടാൽ വെറ്ററിനറി സർജ്ജൻ കർഷകന്റെ വീട്ടിലെത്തി ഉരുവിനെ പരിശോധിക്കുകയും, കമ്മൽ ഇടുകയും കമ്മലിലെ നമ്പർ രേഖപ്പെടുത്തുകയും ആയതിന്റെ ഫോട്ടോ എടുത്ത് SB collect മുഖേന പ്രീമിയം ഒടുക്കുവാനുള്ള സൗകര്യങ്ങൾ കർഷകർക്ക് ചെയ്തു കൊടുക്കുന്നു. പ്രീമിയം തുക ഒടുക്കിക്കഴിഞ്ഞാൽ ഓൺലൈനായി വെറ്ററിനറി സർജ്ജൻ അപേക്ഷ എന്റർ ചെയ്യുന്നു. ഇതിനാൽ തന്നെ പദ്ധതി സുതാര്യമായി നടപ്പിലാക്കാൻ സാധിക്കുന്നു. പോളിസി കർഷകർക്ക് ലഭ്യമാകുന്നതും മൃഗാശുപത്രി മുഖേന മാത്രമാണ്. ക്ലെയിം അപേക്ഷ സമർപ്പിക്കുന്നതിനും കർഷകൻ അവരുടെ മൃഗാശുപത്രിയെ സമീപിച്ചാൽ മതിയാകും. ക്ലെയിം ലഭിക്കുന്നതിനും ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതിനാൽ കർഷകർക്ക് ക്ലെയിം തുക |

| | | | |
|---|---|---|---|
| | | | പരമാവധി ലഭ്യമാക്കുവാൻ സാധിക്കുന്നുണ്ട്. ഓൺലൈനായി ക്ലെയിം സംബന്ധിച്ചുള്ള പ്രശ്നങ്ങൾ എളുപ്പത്തിൽ പരിഹരിക്കുവാൻ സാധിക്കാറുണ്ട്. നിലവിൽ സംസ്ഥാനത്തിൽ ലഭിക്കാവുന്നതിൽ ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കാണ് ഈ പദ്ധതിക്ക് ഉള്ളത്. ഇത് പാവപ്പെട്ട കർഷകരെ സംബന്ധിച്ചിടത്തോളം വലിയ ആശ്വാസകരമായ കാര്യമാണ്. ഓൺലൈനായി നടപ്പിലാക്കുന്നതിനായി പ്രകൃതി ദുരന്തങ്ങൾ പോലുള്ള പ്രശ്ങ്ങൾ വന്ന് പോളിസിയോ മറ്റോ നശിച്ചുപോയാലും വകുപ്പിൽ നിന്നും ഇത് പരിഹരിക്കുവാൻ സാധിക്കുന്നു. നിലവിൽ കേരത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതി നിർവ്വഹണം കേവലം ഒരു വർഷം പിന്നിടുമ്പോൾ 4.24 കോടി രൂപയുടെ ക്ലെയിം തുക മൃഗസംരക്ഷണ വകുപ്പിന്റെ ക്ഷീര കർഷകർക്ക് ഇൻഷ്വറൻസ് കമ്പനി നൽകിക്കഴിഞ്ഞു. ഓൺലൈനായി നടപ്പിലാക്കുന്നതിനാൽ ഇൻഷ്വറൻസ് കമ്പനിക്ക് നിസ്സാര കാരണങ്ങൾ ചൂണ്ടിക്കാട്ടി ക്ലെയിം നിരസിക്കുവാൻ സാധിക്കുകയില്ല. |
| (ബി) | ഉരുക്കളുടെ ഫോട്ടോ എടുക്കുന്നതിനും മറ്റ് കാര്യങ്ങൾക്കുമായി വെറ്ററിനറി ആശുപത്രിയിൽ എത്തിക്കണമെന്നുമുള്ള നിബന്ധനയിൽ നിന്നും സർക്കാർ പിൻമാറുമോ; | (ബി) | ഉരുക്കളുടെ ഫോട്ടോ എടുക്കുന്നതിനും മറ്റ് കാര്യങ്ങൾക്കുമായി വെറ്ററിനറി ആശുപത്രിയിൽ തന്നെ എത്തിക്കണമെന്നുള്ള നിബന്ധന ഇല്ല. ഇൻഷ്വറൻസ് പദ്ധതിയിൽ കമ്പനിയുമായുള്ള നിബന്ധനകൾ പ്രകാരം ഇൻഷ്വർ ചെയ്യുന്ന ഉരുവിന്റെ കാതിൽ പതിച്ചിരിക്കുന്ന കമ്മൽ വ്യക്തമായി കാണാവുന്ന രീതിയിൽ ഒരു ഫോട്ടോയും, ഉരുവിനെ മുഴുവനായി കാണുന്ന തരത്തിലുള്ള മറ്റൊരു ഫോട്ടോയും ഓൺലൈനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുണ്ട്. ഉരുവിനെ തിരിച്ചറിയുന്നതിനായി ഈ രേഖകൾ അത്യന്താപേക്ഷിതമാണ്. കൂടാതെ ആരോഗ്യമുള്ള ഉരുക്കളെ മാത്രമേ ഇൻഷ്വർ ചെയ്യാൻ സാധിക്കുകയുള്ളൂ. അതിനാൽ വെറ്ററിനറി സർജ്ജൻ ഉരുവിനെ നേരിട്ട് പരിശോധിച്ച് ആരോഗ്യമുണ്ടെന്ന് ബോധ്യപ്പെടേണ്ടതുണ്ട്. ഫോട്ടോ എടുക്കുന്നതും ഓൺലൈനായി ഈ ഫോട്ടോകൾ അപ്‌ലോഡ് ചെയ്യുന്നതും സ്ഥലം വെറ്ററിനറി സർജനാണ്. ഇൻഷ്വറൻസ് ചെയ്യുവാനായി ഒരു കർഷകൻ മൃഗാശുപത്രിയെ സമീപിച്ചാൽ വെറ്ററിനറി സർജൻ കർഷകരുടെ ഭവനം സന്ദർശിച്ചാണ് ഉരുവിനെ പരിശോധിക്കുന്നതും ഉരുവിന്റെ ഫോട്ടോ എടുക്കുന്നതും എന്നാൽ കർഷകൻ പശുക്കളെ മൃഗാശുപത്രിയിൽ കൊണ്ടുവന്നാൽ അവിടെവച്ചു പരിശോധിച്ച് ഫോട്ടോ എടുക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | തിരിച്ചറിയൽ ടാഗും കമ്മലും ധരിപ്പിക്കുന്നതിന് ഉരുക്കളെ വെറ്ററിനറി കേന്ദ്രങ്ങളിലേക്ക് എത്തിക്കുന്നത് പ്രായോഗികമാണോയെന്ന് വിശദീകരിക്കാമോ? | (സി) | ഇൻഷ്വറൻസ് പദ്ധതിയിൽ നിലവിൽ ഉരുവിന്റെ കാതിൽ ഘടിപ്പിച്ചിട്ടുള്ള 12 അക്ക നമ്പരുള്ള കമ്മലുകളാണ് ഉപയോഗിക്കുന്നത്. ഉരുവിന്റെ കാതിൽ ഘടിപ്പിച്ചിട്ടുള്ള കമ്മൽ ടി ഉരുവിന്റെ തിരിച്ചറിയൽ രേഖയാണ്. ആധാർ രേഖയിലെ നമ്പർ പോലെയാണ് ടി കമ്മലിലെ നമ്പർ കണക്കാക്കിയിട്ടുള്ളത്. പശുക്കളെ ചെനക്കായി കുത്തിവക്കുമ്പോഴും ആയത് ഓൺലൈനായി രേഖപ്പെടുത്തുമ്പോഴും ഈ കമ്മലാണ് ഉപയോഗിക്കുന്നത്. ആറു മാസങ്ങൾ കൂടുമ്പോൾ നടപ്പിലാക്കുന്ന കുളമ്പുരോഗ നിർമാർജ്ജന കുത്തിവയ്പ്പ് പരിപാടിയിലും ഈ കമ്മൽ നമ്പരാണ് തിരിയിച്ചറിയൽ രേഖയായി ഉപയോഗിക്കുന്നത്. വലിപ്പമേറിയ പശുക്കളെ ആശുപത്രിയിലേക്ക് കൊണ്ട് വരുന്നത് എളുപ്പമല്ല. വാഹനത്തിൽ കയറ്റി വെറ്ററിനറി കേന്ദ്രങ്ങളിലേക്ക് കൊണ്ടുവരികയെന്നതു ചിലവേറിയ നടപടിയാണ്. അതിനാൽ തിരിച്ചറിയൽ ടാഗും കമ്മലും ധരിപ്പിക്കുന്നതിന് എല്ലാ ഉരുക്കളെയും വെറ്ററിനറി കേന്ദ്രങ്ങളിലേക്ക് എത്തിക്കുന്നത് പ്രായോഗികമല്ല. ആയതിനാൽ കുളമ്പുരോഗ നിർമ്മാജ്ജന പദ്ധതിയുടെ വാക്സിനേഷനുവേണ്ടി വകുപ്പിലെ ഉദ്യോഗസ്ഥർ കർഷകരുടെ വീടുകളിൽ എത്തുമ്പോഴോ, കൃത്രിമബീജ സങ്കലനം നടത്തുന്നതിന്, ഇൻഷ്വറൻസ് ചെയ്യുന്നതിന് തുടങ്ങിയ പരിപാടികൾക്ക് ഉദ്യോഗസ്ഥർ വീട്ടിൽ എത്തുമ്പോഴോ ഈ കമ്മലുകൾ ഉരുക്കളുടെ ചെവിയിൽ അടിക്കുന്നു. |

സെക്ഷൻ ഓഫീസർ